# ഡയറ്റ് കണ്ണൂർ - കണ്ണൂർ ജില്ലാ പഞ്ചായത്ത്
# മുകുളം സമഗ്ര വിദ്യാഭ്യാസ പദ്ധതി
# എസ്.എസ്.എൽ.സി. മാതൃക പരീക്ഷ 2021

SET- A

## മലയാളം

**സമയം : $1\frac{1}{2}$മണിക്കൂർ** **അടിസ്ഥാന പാഠാവലി** **മാർക്ക് : 40**

**നിർദ്ദേശങ്ങൾ :**

- ആദ്യ 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഇഷ്ടമുള്ള ചോദ്യങ്ങൾ തിരഞ്ഞെടുക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മനസ്സിലാക്കി ഉത്തര മെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുന്ന പരമാവധി ലഭിക്കുന്ന സ്കോർ 40 ആയിരിക്കും.

---

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക. (1 സ്കോർ വീതം)**

1. 'ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയി'. ഇവിടെ സൂചിത മാകുന്നത്?
   - അച്ഛന്റെ അസാന്നിധ്യം
   - അമ്മയുടെ സ്നേഹം
   - മകന്റെ തിരിച്ചു പോക്ക്
   - കണാരന്റെ കരുതൽ
2. 'നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തും ഉണ്ടായിരുന്നു' എന്ന് ആരെക്കുറിച്ചാണ് നോവലിസ്റ്റ് വിശേഷിപ്പിച്ചത് ?
   - കോരൻ
   - പുഷ്പവേലിൽ ഔസേപ്പ്
   - കോരന്റെ അച്ഛൻ
   - ചിരുത
3. പിഞ്ഞാണവർണം എന്ന പദത്തിന്റെ വിഗ്രഹാർത്ഥം എഴുതുക.
   - പിഞ്ഞാണമാകുന്നവർണം
   - പിഞ്ഞാണത്തിന്റെ വർണം
   - പിഞ്ഞാണത്തിലെ വർണം
   - പിഞ്ഞാണവും വർണവും
4. പൂത്തിരി കത്തിച്ചത് പോലെയുള്ള മാമ്പൂക്കുല ഒടിച്ച് മലയാള കവിതാങ്ക ണത്തിലേക്ക് ഒരു കുസൃതിക്കുട്ടനെ പോലെ ഓടിയെത്തിയ മഹാകവി ആരാണ്?
   - ഇടശ്ശേരി
   - വൈലോപ്പിള്ളി
   - ജി.ശങ്കരക്കുറുപ്പ്
   - സുഗതകുമാരി
5. ഓണത്തപ്പനെ വരവേൽക്കാൻ ഉറങ്ങാതെ, വെള്ളിത്താലമെടുത്ത് വയലേലകൾ തോറും നിരന്നു നിൽക്കുന്നു. ഇവിടെ പരാമർശിക്കുന്നത്?
   - ആമ്പൽ
   - മുക്കുറ്റി
   - കമുകിൻ പൂവരി
   - താമര
6. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' – എന്ന ശ്രീനാരായണ ഗുരുവിന്റെ ദർശനത്തിൽ തെളിയുന്നത്?
   - മതബോധം
   - മനുഷ്യനന്മ
   - ശാസ്ത്രബോധം
   - യുക്തിചിന്ത

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. (സ്കോർ 2 വീതം)**

7. കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും. അങ്ങനെ ചെയ്യാൻ അമ്മയെ പ്രേരിപ്പിച്ചത് എന്താണ്?

8. 'പീളയടിഞ്ഞ് നിറം പോയ കണ്ണുകളെന്തേയടയ്ക്കാതെ വച്ചമ്മ നിർദയം?'
'നിറം പോയ കണ്ണുകൾ' എന്ന പ്രയോഗം സന്ദർഭത്തിന് നൽകുന്ന അർത്ഥ വ്യാപ്തി എന്താണ്?

9. 'ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല. ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്' ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്? ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചതെന്താവാം?

10. അർത്ഥവ്യത്യാസം വരാതെ രണ്ട് ലഘു വാക്യങ്ങളാക്കുക.
കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ ഇരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ അയാൾ കണ്ടു.

11. 'തമ്പ്രാ, ഏന് നെല്ല് കൂലി മതി. ചക്രം മേണ്ട '.
ഈ സംഭാഷണത്തിലൂടെ വ്യക്തമാവുന്ന സാമൂഹ്യാവസ്ഥ എന്ത്?

**12 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (4 സ്കോർ വീതം)**

12. 'വീടിനെ വീടാക്കി മാറ്റുന്നത് അതിലെ സ്നേഹത്തിന്റെ കെട്ടുറപ്പാണ്'.
**(ഓരോ വിളിയും കാത്ത് - യു.കെ.കുമാരൻ)**
'ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു.അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു'
**(പ്ലാവിലക്കഞ്ഞി -തകഴി)**
കുടുംബബന്ധങ്ങളെ ഊഷ്മളമാക്കുന്നത് അംഗങ്ങൾ തമ്മിലുള്ള സ്നേഹ ബന്ധമാണ്. രണ്ട് പാഠഭാഗങ്ങളിലേയും കഥാസന്ദർഭങ്ങൾ താരതമ്യം ചെയ്ത് വിശകലനക്കുറിപ്പ് തയ്യാറാക്കുക.

13. 'പറയൂ, നാട്ടിൻ പുറത്തുള്ള മാങ്ങകൾക്കെല്ലാം രുചി
ഈ മാംഗോ ഫ്രൂട്ടിക്കുള്ള പോലാണോ?' **(മാമ്പഴക്കാലം)**
'എന്തൊരു നൂറും മധുരവുമാണ്! പത്തു നാൽപ്പത്തഞ്ചു കൊല്ലങ്ങൾക്ക പ്പുറത്ത് നിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്ത് വന്നു നിറയുന്നു.' **(കൊച്ചു ചക്കരച്ചി)**
കവിതാ ഭാഗത്തിലെ കുട്ടിയുടെയും, കൊച്ചു ചക്കരച്ചിയിലെ ലേഖകന്റെയും അനുഭവങ്ങൾ രണ്ട് തലമുറയുടേതാണ്. ഇവ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14. ഓർമകൾ തിരിച്ചറിവിലേയ്ക്ക് നയിക്കുന്നുണ്ടോ–'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ ഓർമകൾക്കുള്ള പ്രാധാന്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

15. കർഷകത്തൊഴിലാളികളുടെ ഉയിർത്തെഴുന്നേൽപ്പ് അനിവാര്യമായിരുന്നു എന്ന യാഥാർത്ഥ്യം 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്ത് എത്രമാത്രം വ്യക്തമാകുന്നുണ്ട്? കോരൻ, ചിരുത, കോരന്റെ അച്ഛൻ എന്നീ കഥാപാത്രങ്ങളുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.

16. കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റങ്ങളും കമുകിൻ തോട്ടങ്ങളിലൂടെ രാത്രി കാലത്ത് പറന്നു പോകുന്ന വാവലുകളുടെ ചിറകടിയൊച്ചയും കിടന്ന് കൊണ്ടു തന്നെ അച്ഛൻ അറിയുമായിരുന്നു. 'ഞാനെങ്ങന്യാ മോനെ വരാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ...' കഥയിലെ ഇതര സന്ദർഭങ്ങൾ കൂടി പരിഗണിച്ച് അച്ഛൻ എന്ന കഥാപാത്രനിരൂപണം തയ്യാറാക്കുക.

17. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന ശ്രീനാരായണ ഗുരുസന്ദേശം എക്കാലത്തും ഏത് രാജ്യത്തും വിലപ്പോകുന്നതും, ഏത് സമുദായത്തിന്റെയും സാംസ

'കാരിക വികസനത്തിന് അത്യന്തം ഉപകരിക്കു ന്നതുമായ ഒരു വിശിഷ്ട ആശയമാണ്'. കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

18. തിരികൾ തെറുത്തു കൊളുത്താനുറ്റ മു–
ഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ
കരവിരലോടെ, ദീപക്കുറ്റികൾ
നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ .

വരികളിലെ വാങ്മയചിത്രത്തിന്റെ ഭംഗി വിശദമാക്കുക.

19. 'പത്രം അസത്യമാണെന്നറിഞ്ഞു കൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരി ക്കുകയും ചെയ്യുന്നു'. സമകാലിക പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സ്വാഭിപ്രായം വ്യക്തമാക്കുക.

20. ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു.

കുടുംബബന്ധങ്ങളിൽ വരുന്ന മാറ്റത്തിന്റെ സൂചനകളാണോ ഈ വരികളി ലൂടെ കവി വ്യക്തമാക്കുന്നത്? സ്വാഭിപ്രായം സമർത്ഥിക്കുക.

21. അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു. 'അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ് ' കോരന്റെ ഈ ധാർമികബോധം വർത്തമാന സമൂഹത്തിൽ എത്രത്തോളം നിലനിൽക്കുന്നുണ്ട്. വിശകലനം ചെയ്യുക.

**22 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)**

22. വ്യത്യസ്ത കാലഘട്ടങ്ങളിൽ കുടുംബ ബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത്, അമ്മത്തൊട്ടിൽ എന്നീ കൃതികളിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. പാഠഭാഗത്തെ സന്ദർഭങ്ങൾ വിലയിരുത്തി ലഘു ഉപന്യാസം തയ്യാറാക്കുക.

23. പ്രകൃതിയും മനുഷ്യനും പരസ്പരം ഇണങ്ങി ജീവിച്ചിരുന്ന ഒരു കാലത്തിന്റെ മധുരമായ ഓർമകളാണല്ലോ 'കൊച്ചു ചക്കരച്ചി'. ഇത്തരത്തി ലുള്ള ഒരു ബന്ധം ഇന്ന് നിലനിൽക്കുന്നുണ്ടോ? പ്രകൃതിയുമായി ബന്ധപ്പെട്ട സമകാലിക പ്രശ്നങ്ങൾ കൂടി പരിഗണിച്ച് 'പ്രകൃതിയും മനുഷ്യനും' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയ്യാറാക്കുക.

24. 'കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻവ്യാപരങ്ങൾ കോരൻ കണ്ടു. അവിടെയെങ്ങും നെല്ല് കണി കാണാനില്ല. ഉള്ളോൻ വെളിയിൽ കാണിക്കത്തില്ല'. ഒരു കാലത്ത് കേരളത്തിലെ കർഷകർ അനുഭവിച്ച സാമൂഹ്യദൈന്യതയുടെ ആവിഷ്കാരമാണോ 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്ത് കാണാൻ കഴിയുന്നത്? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

25. ശ്രീ നാരായണ ഗുരുവാകട്ടെ ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി.– കുറ്റിപ്പുഴയുടെ പ്രസ്താവനയും ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളും മുൻനിർത്തി 'ഗുരു മാറ്റത്തിന്റെ പ്രവാചകൻ' എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയ്യാറാക്കുക.

●